**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4140** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവളം മണ്ഡലത്തിൽ ആവാടുതുറ ക്ഷേത്രത്തിന് സമീപം വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള അൻപത് സെൻറ് ഭൂമിയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നെങ്കിലും കടൽത്തീരത്ത് നിന്ന് പാലിക്കേണ്ടിയിരുന്ന ചുരുങ്ങിയ ദൂരമായ അഞ്ഞൂറ് മീറ്റർ പാലിച്ചിട്ടില്ലെന്ന കാരണത്താൽ നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകി നിർമ്മാണം നിർത്തിവച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവളം മണ്ഡലത്തിൽ ആവാടുതുറ ക്ഷേത്രത്തിന് സമീപം വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള അൻപത് സെന്റ് ഭൂമിയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നുവെങ്കിലും സി.ആർ.ഇസഡ് ക്ലിയറൻസ് ലഭിച്ചിട്ടില്ല എന്ന കാരണത്താൽ നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകുകകയും പ്രസ്തുത പദ്ധതി നിർത്തി വയ്ക്കേണ്ടതായി വന്നിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണപ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും സാംസ്കാരിക കേന്ദ്രം ഉത്തരവാദിത്ത ടൂറിസം പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സി.ആർ.ഇസഡ് ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ